# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.1933 08-03-2018-ലെ മറുപടിക്ക്

**ചോദ്യം** **ഉത്തരം**

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**<u>ദേശസാൽകൃത ബാങ്കുകൾ ഈടാക്കുന്ന രഹസ്യ ചാർജ്ജുകൾ</u>**

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് ദേശസാൽകൃത ബാങ്കുകൾ ഇടപാടുകാരിൽ നിന്ന് രഹസ്യ ചാർജ്ജുകൾ ഈടാക്കുന്ന കാര്യം ധനവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇടപാടുകാർ അറിയാതെ അവരുടെ നിക്ഷേപങ്ങളിൽ നിന്നും ഫീസുകളായി തുക പിൻവലിക്കുന്ന കാര്യം ബാങ്കുകളുമായി ചർച്ച ചെയ്ത് പരിഹരിക്കുമോ ; | പൊതുമേഖലാബാങ്കുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നത് റിസർവ്വ് ബാങ്കും ഭാരത സർക്കാരുമാണ്. അതുകൊണ്ട് ബാങ്കുകൾ അവരുടെ സേവനങ്ങൾക്ക് ഏകപക്ഷീയമായി ഏർപ്പെടുത്തുന്ന അമിതമായ ഫീസും പിഴയും ഒഴിവാക്കുന്നതിനോ കുറയ്ക്കുന്നതിനോ വേണ്ട നടപടികൾ സ്വീകരിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. ഈ വിഷയം ശ്രദ്ധയിൽ പ്പെട്ടതിനെ തുടർന്ന് ഇത്തരം ഫീസുകളിലും ചാർജ്ജുകളിലും വരുത്തിയ വർദ്ധനവ് പിൻവലിക്കാനുള്ള നിർദ്ദേശം നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ നിക്ഷേപകരിൽ നിന്നും ഇടപാടുകാരിൽ നിന്നും പിൻവലിച്ച തുകയുടെ കണക്ക് ധനവകുപ്പിന് ലഭിച്ചിട്ടില്ല. |
| (സി) | സംസ്ഥാനത്ത് ഇത്തരത്തിൽ നിക്ഷേപകരിൽ നിന്നും ഇടപാടുകാരിൽ നിന്നും പിൻവലിച്ചത് എത്ര തുക എന്ന് ധനവകുപ്പിന് വിവരം ലഭിച്ചിട്ടുണ്ടോ ; | |
| (ഡി) | അമിതമായും അനുവാദമില്ലാതെയും പിൻവലിച്ച തുക തിരികെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ? | |

അക്കൗണ്ട്സ് ഓഫീസർ